“അടക്കവും ഒതുക്കവുമുള്ള”; ‘കുടുംബത്തിൽ പിറന്ന പെൺകുട്ടി’ എന്ന പ്രീണനം ഒളിഞ്ഞും തെളിഞ്ഞും ഇട്ടുകൊടുത്ത്, എന്നിട്ടും ‘ലോറി’ ഓടിക്കൽ ‘പുറം കടലിൽ പോകൽ’ സ്വപ്നമാക്കുന്നവളെ ‘തന്റേടി’ എന്നും ‘അഹങ്കാരി’ എന്നും നോക്കിയും അലറിയും ഒറ്റപ്പെടുത്തുമ്പോൾ-ഒടുവിൽ അവൾ തന്റെ സ്വപ്നം ഉപേക്ഷിച്ച് അടുക്കളയിലേക്ക്/സ്വന്തം കുടുംബത്തിലേക്ക് പിൻവാങ്ങിയാൽ ലിംഗപദവി-അസമത്വം വികസനത്തിനുള്ള വിലങ്ങുതടിയായി ഒരു ജനതക്കുമുന്നിൽ പിണഞ്ഞുകിടക്കുന്നു എന്ന് ഉറപ്പിക്കാം. ലോറി ഓടിക്കലും കടലിൽപോകലും പെട്ടെന്നു മനസസിലാക്കാവുന്ന ഉദാഹരണങ്ങൾ മാത്രം. ഓരോരുത്തർക്കും അവനവന്റെ ജീവിതങ്ങളിൽ നിന്നും സമാനാനുഭവങ്ങൾ ഇതു വായിക്കുമ്പോൾ തെളിഞ്ഞുകിട്ടാനുള്ള വെറും ഉദാഹരണങ്ങൾ.

പുരുഷൻ ചെയ്യുന്നതെല്ലാം സ്ത്രീയും ചെയ്യുന്നതല്ല സ്ത്രീ ശാക്തീകരണം. മറിച്ച് ആണഹങ്കാരം കൊണ്ടുള്ള ഒതുക്കലുകളെ അതിജീവിച്ച്, സ്വന്തം ഫലപ്രാപ്തിക്കായി സ്വയാവബോധത്തിലൂന്നി, ശരിയായ തീരുമാനങ്ങളെടുത്ത്, ദൃഢമായ വിനിമയ സംവിധാനങ്ങളോടെ തന്റെ ആശയങ്ങൾ ലോകത്തോട് വിളിച്ചുപറഞ്ഞ് മുന്നേറാൻ ഒരു സ്ത്രീ സ്വയം സ്വാതന്ത്ര്യം ആർജ്ജിച്ചെടുക്കുന്ന പ്രക്രിയയാണ് സ്ത്രീ ശാക്തീകരണം. അങ്ങനെയെങ്കിൽ പുറമേ നിന്ന് ആരെങ്കിലും കൊടുക്കേണ്ടതല്ല ശാക്തീകരണം. കഴുകന്റെ മുട്ട കോഴികുടുംബത്തിലെത്തിയ പഴങ്കഥ ഇവിടെ ഓർക്കാം. ചിക്കിചികഞ്ഞ്, കൊത്തിപെറുക്കി, കോഴി ആയി ഒരുങ്ങാനുള്ള പരിശീലനത്തിനിടയിലാണ് അങ്ങ് ഉയരത്തിൽ വട്ടമിട്ടു പറക്കുന്ന കഴുകനെ കാണാനിടയാവുന്നതും ഉൾവിളി യുണ്ടാകുന്നതും സ്വയാവബോധം വന്ന് കഴുകൻകുഞ്ഞ് സാഹചര്യങ്ങളെ അതിജീവിച്ച് അനന്തവിഹായസ്സിലേക്ക് പറന്നുയരുന്നു. സ്വന്തം ആകാശം തേടി; സ്വന്തം ചിറകിന്റെ വിരിപ്പു തേടി!!!

ഓരോ വനിതാദിനത്തെയും ചുറ്റിപ്പറ്റി വരുന്ന പ്രഖ്യാപനങ്ങളും അവകാശവാദങ്ങളും ജാഥകളുമൊന്നുമല്ല. ഒരു ആന്തരിക യുദ്ധമാണ് നമുക്കാവശ്യമെന്നു തോന്നുന്നു. ഞാനെന്ന സ്ത്രീയും എന്റെ ഉള്ളിലെ സ്ത്രീത്വവുമായുള്ള യുദ്ധം. സ്വയം കണ്ടെത്താനുള്ള യുദ്ധം !.

തന്നെതന്നെ വീണ്ടെടുക്കാനുള്ള യുദ്ധം!.

സ്വയാവബോധത്തിന്റെ അകകണ്ണ് തുറന്ന് താനാരെന്ന് നമുക്ക് കണ്ടെത്താം. ഉള്ളിൽ ഒളിഞ്ഞുകിടക്കുന്ന തീപ്പൊരിയെ ഊതി ആളിച്ച് ജ്വാലയായി പടർത്താം!!!.

*തയ്യാറാക്കിയത് :*

**ബബിത**

**സ്ത്രീശാക്തീകരണം പ്രോജക്ട് കോർഡിനേറ്റർ**

*Jeeva Jyothi Offset Press Tvm Phone. 0471 2311620*

**മാർച്ച് 2021** **ലക്കം 3**

# ഉണർവ്വ്

## പഠനപത്രിക

ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി

### *“ യുദ്ധം”*

എവിടെ സ്ത്രീകൾ ബഹുമാനിക്കപ്പെടുന്നോ: ഏതൊരു നാട്ടിൽ സ്ത്രീകളും കുട്ടികളും അന്തസ്സോടെ, സുരക്ഷിതമായി ജീവിക്കുന്നോ.... ആ നാടിനെ സംസ്ക്കാര സമ്പന്നമായ നാട് എന്ന് വിളിക്കാം. അങ്ങനെയെങ്കിൽ ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന്റെ സംസ്ക്കാരം എവിടെ നിൽക്കുന്നു എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. സ്ത്രീകളും കുഞ്ഞുങ്ങളും ആരുടെയെല്ലാമോ മനോവൈകല്യങ്ങളുടെ “ഇര”കളാകുമ്പോൾ ; വളർത്തേണ്ട കരങ്ങൾ തന്റെ മാറിടവും അരക്കെട്ടും തേടി അലയുമ്പോൾ തളർന്നു പോകുന്ന പെൺ-ബാല്യ -കൗമാര-യൗവ്വനങ്ങൾ ഭാരതത്തിന്റെയും കേരളത്തിന്റെയുമൊക്കെ സംസ്ക്കാരത്തിനു മുന്നിലെ നിശബ്ദതയിൽ മുങ്ങിയ ചോദ്യചിഹ്നങ്ങളാകുന്നു.

തനതായ സംസ്ക്കാരം കേരളത്തിനെന്നല്ല ഏതൊരു നാടിനുണ്ടാവും. ആ നാട്ടിൽ താമസിച്ചുവരുന്ന ജനങ്ങളുടെ പൂർവ്വാർജ്ജിതങ്ങളായ അറിവിന്റെയും ജീവിതരീതികളുടെയും ആകെത്തുകയാണ് ഒരു നാടിന്റെ സംസ്ക്കാരം എന്നത്. ഈ സംസ്ക്കാരം ആ നാട്ടിലെ ഓരോ ആണിന്റെയും, പെണ്ണിന്റെയും ഉള്ളിൽ നട്ടുവളർത്തുന്ന ഒന്നാണ് “ലിംഗപദവി”.

സ്ത്രീപുരുഷ വ്യത്യാസം (ലിംഗ വ്യത്യാസം) ജൈവപരമായ ഒന്നാണ്. രണ്ടു തരത്തിലുള്ള ശരീരങ്ങൾ തമ്മിലുള്ള ചില വ്യത്യാസങ്ങളെയാണ് അതു സൂചിപ്പിക്കുന്നത്. എന്നാൽ സ്ത്രീ എന്നും പുരുഷൻ എന്നുമുള്ള പദവി(ലിംഗപദവി) സാമൂഹികമായും, സാംസ്ക്കാരികമായും നിർണ്ണയിക്കപ്പെടുന്നതാണ്. ആണും പെണ്ണുമായി ജനിക്കുന്നവർ ചെറുപ്പം മുതലേ തന്റെ ചുറ്റുമുള്ള മുതിർന്നവരെ കണ്ടും കേട്ടും പഠിക്കുന്നതാണ് ലിംഗപദവി. അതുകൊണ്ടുതന്നെ, അതാതു കാലഘട്ടത്തിന്റെ സംസ്ക്കാരവും വഴക്കങ്ങളും തഴക്കങ്ങളുമെല്ലാം ലിംഗപദവി നിർണ്ണയത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. ഭരണഘടനാപരമായി സ്ത്രീക്കും പുരുഷനും തുല്യ പദവിയാണെങ്കിലും യാഥാർത്ഥ്യങ്ങളെ പരിശോധിക്കുമ്പോൾ ഈ തുല്യത എല്ലായ്പ്പോഴും കണ്ടെത്താനാവില്ല. പ്രമുഖരായ പല സ്ത്രീകളേയും ജീവിതത്തിന്റെ വിവിധതുറകളിൽ നമുക്ക് കാണാം. 16 വർഷത്തോളം ഇന്ത്യ എന്ന മഹാരാജ്യം ഭരിച്ച ഒരു സ്ത്രീ പ്രധാനമന്ത്രിയെ നമുക്കറിയാം. ശാസ്ത്രജ്ഞകൾ, ഡോക്ടർമാർ,

എഞ്ചിനിയർമാർ.....എന്തിന് നമുക്കിടയിൽ നിന്നും ഈ കഴിഞ്ഞ ത്രിതല പഞ്ചായത്ത് തെരെഞ്ഞെടുപ്പിൽ മത്സരിച്ച് തങ്ങളുടെ നേതൃത്വം തെളിയിച്ച സ്ത്രീരത്നങ്ങൾ വരെ നമുക്കു മുന്നിലുണ്ട്. പക്ഷേ ഇതൊന്നും ഒരു ശരാശരി സ്ത്രീയുടെ അവസ്ഥയെ പ്രതിഫലിപ്പിക്കുന്നവയല്ല. ലോകരാഷ്ട്രങ്ങളോട് കിടപിടിക്കുന്ന വികസന മാതൃകകൊണ്ട് മികച്ചതാണ് കേരളമെങ്കിലും സ്ത്രീപദവിയുടെയും സ്ത്രീപക്ഷ ചിന്തകളുടെയും കാര്യത്തിൽ കേരളത്തിന്റെ നില അത്ര തൃപ്തികരമല്ല.

- ♦ അയ്യേ പെൺപിള്ളാരെപ്പോലെ മോങ്ങാതെടാ!
- ♦ പെൺകുട്ടിയല്ലേ.... അവൾക്ക് പാവ വാങ്ങാം. അവന് വല്ല തോക്കോ കാറോ വാങ്ങാം .
- ♦ എടീ കാലടുപ്പിച്ചു വെച്ച് അടങ്ങിയിരിക്കെടി
- ♦ മരംകേറി പെണ്ണ്
- ♦ അടുക്കളപണിയൊന്നും അച്ചനറിയില്ല എല്ലാം അമ്മയുടെ മിടുക്കാണ്.
- ♦ പെണ്ണിന്റെ മുന്നിൽ തോൽക്കാതെടാ പെൺകോന്താ.
- ♦ അയാൾക്ക് ദിവസക്കൂലി 750/- ആണ്. ഇവളുമാർക്കാകുമ്പോ 400/- കൊടുത്താമതി.

ചില തരംതിരിവുകളും വീക്ഷണങ്ങളും കുടുംബത്തിനകത്തും പുറത്തും നിൽക്കവേ ആണിനും പെണ്ണിനും ലഭ്യമാകേണ്ട വിഭവങ്ങളിലും സേവനങ്ങളിലും തുല്യപ്രാപ്യത ഇല്ലാതെ പോകുന്നു. ഈ തുല്യതയില്ലായ്മ പലപ്പോഴും പെണ്ണിനെ തന്റെയുള്ളിലെ തീപ്പൊരി ജ്വാലയാക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നു. ചിലയിടങ്ങളിൽ ഇത് ഗാർഹിക പീഢനമാവാം. എന്നാൽ എല്ലായ്പ്പോഴും ഇത് അക്രമാസക്തമായ അടിച്ചടർത്തലുകളാകണമെന്നില്ല. സ്നേഹത്തിൽ പൊതിഞ്ഞ ചില "ഒതുക്കലുകളും" ആവാം.

ചേട്ടനും അച്ഛനും വേണ്ടി വറുത്തമീൻകഷണം മാറ്റിവെക്കുന്ന പെൺകുട്ടി; പെൺകൊച്ചിനെ കണ്ണടക്കുന്നതിനു മുന്നേ ഒരുത്തന്റെ കയ്യിലേൽപ്പിച്ചുകൊടുക്കാനുള്ള അച്ഛന്റെ നെഞ്ചിടിപ്പിനു മുന്നിൽ പഠനം നിർത്തുന്ന മകൾ; അടക്കവും ഒതുക്കവുമുള്ള പെൺകുട്ടിയാകാനുള്ള വെപ്രാളം; ജോലിയും സ്വപ്നവുമെല്ലാം ഭർത്താവിനുവേണ്ടി വേണ്ടെന്നുവെക്കുന്ന നവവധു; അമ്മയാകുമ്പോഴേക്കും ഏതോ ഉൾപ്രേരണ കൊണ്ടെന്നപോലെ സ്വയം ജോലി ഒഴിഞ്ഞ് കുഞ്ഞിനുവേണ്ടി/ കുടുംബത്തിനുവേണ്ടി ജീവിച്ചുതുടങ്ങുന്ന യുവതി -ഇങ്ങനെ നീളും ഈ "ഒതുക്കൽ" .

സ്വാതന്ത്ര്യാനന്തരം കേരളത്തിന്റെ പശ്ചാത്തലത്തിൽ അടുത്തകാലം വരെ പ്രധാനവെല്ലുവിളി കുടുംബത്തിനുള്ളിലെ പീഢനമോ സ്നേഹത്തിൽ പൊതിഞ്ഞ "ഒതുക്കലുകളോ" ആയിരുന്നെങ്കിൽ, സ്വന്തം ഇംഗിതത്തിനു വഴങ്ങാത്തവളെ

അപഹരിക്കുന്ന രാവണ ബുദ്ധിയും നമുക്കിടയിൽ തലപൊക്കിതുടങ്ങിയിരിക്കുന്നു. അല്ല തടവിലാക്കിയെങ്കിലും പെണ്ണിന്റെ സമ്മതമില്ലാതെ അവളുടെ ശരീരത്തെ തൊടാൻ തനിക്കവകാശമില്ലെന്ന് രാവണൻ പോലും തിരിച്ചറിഞ്ഞിരുന്നു. അതുകൊണ്ടാണല്ലോ സീതാദേവിക്കായി അശോകവനം ഒരുങ്ങിയതും. ഇന്ന് ഈ ധർമ്മബോധത്തിലൂന്നിയ ആണത്തം കൂടി ഇല്ലാതെയാകുമ്പോൾ, ഇതെല്ലാം കണ്ടും കേട്ടും വളരുന്ന ഭാവിതലമുറയിൽ പരുവപ്പെടുന്ന സ്ത്രീ-പുരുഷ സമത്വവും ലിംഗനീതി ബോധവും എത്രകണ്ട് ഉപരിവിപ്ലവമായിരിക്കുമെന്ന് ഭയത്തോടെ മാത്രമേ ചിന്തിക്കാനാവൂ. ഈ ഭയത്തിൽ നിന്നാണ് "സ്ത്രീശാക്തീകരണം" എന്ന വിഷയം ചർച്ചക്കും പഠനത്തിനും പരിശീലനത്തിനുമെല്ലാം കേന്ദ്രബിന്ദുവാകുന്നത്.

**എന്താണ് "സ്ത്രീശാക്തീകരണം"**

തന്റേതായ എല്ലാ ഇടങ്ങളിലും സ്വതന്ത്രമായി വിഹരിക്കാൻ സ്ത്രീയെ പ്രാപ്തയാക്കുന്ന പ്രക്രിയയാണ് "സ്ത്രീശാക്തീകരണം". അപ്പോൾ സ്വാതന്ത്ര്യം എന്നതിന്റെ അർത്ഥം കൂടി ഇതിനോട് ചേർത്തു വായിക്കേണ്ടതുണ്ട്. ഒരു വ്യക്തിയെ സംബന്ധിച്ചാകുമ്പോൾ സ്വാതന്ത്ര്യം എന്നത് ഒരു വ്യക്തിയുടെ അനന്ത സാധ്യകളുടെ പൂർത്തീകരണമാണ്. സ്ത്രീയെന്ന നിലയിൽ തന്റെ സാധ്യതകളെന്തെല്ലാമെന്ന് പരിക്ഷീച്ചറിയാനും ജയപരാജയങ്ങളിലൂടെ നടന്ന് ചിലപ്പോൾ ഓടി-കിതച്ച്-വീണ്- അവിടെ നിന്നും എഴുന്നേറ്റ് വീണ്ടും നടന്ന് തന്റെ ഇടം കണ്ടെത്തലാണ് സ്ത്രീശാക്തീകരണം എന്നു വായിക്കാം.

സ്ത്രീശാക്തീകരണത്തെ ഇത്തരത്തിൽ മനസ്സിലാക്കിയാൽ പുരുഷൻ കടലിൽ പോകുന്നതുകൊണ്ടോ ലോറി ഓടിക്കുന്നതുകൊണ്ടോ സ്ത്രീയും ലോറി ഓടിക്കണം എന്നും കടലിൽ പോകണം എന്നുമുള്ള വാശികൾ ഇല്ലാതെയാകുന്നു. മറിച്ച് ഇത്രയും വലിയ ലോറി തന്റെ വരിധിയിലാക്കി മെരുക്കി ഓടിച്ചുകൊണ്ട് നടക്കുന്നതാണ് തന്റെ ജീവിതാഭിലാഷം എന്ന് ഒരു പെൺകുട്ടി തിരിച്ചറിഞ്ഞാൽ; ആഴക്കടലിന്റെ വിസ്മയവും അതൊളിപ്പിച്ചിരിക്കുന്ന ആഴവും പരപ്പുമെല്ലാം തനിക്കും പ്രാപ്യമാക്കണം എന്ന് ഒരു പെൺകുട്ടി എന്നും കടലിൽ പോകുന്ന അച്ഛനെ കണ്ട് കൊതിച്ചാൽ- സ്നേഹത്തിന്റെ/ കരുതലിന്റെ/ സംവിധാനങ്ങളുടെ/മാമൂലുകളുടെ/നാട്ടുനടപ്പുകളുടെ/ സംസ്കാരത്തിന്റെ/എല്ലാം പേരിലുള്ള ഒതുക്കൽ പ്രക്രിയകൾ അവൾ അഭിമുഖീകരിക്കേണ്ടി വന്നാൽ; ഒരു ചിന്താകുഴപ്പത്തിനു മുന്നിൽ സ്വന്തം ജീവിതത്തിനുമേലുള്ള തീരുമാനമെടുക്കൽ ചുറ്റിനും നിൽക്കുന്ന പ്രിയപ്പെട്ടവർ കയ്യേറിയാൽ- ശാക്തീകരണത്തിന്റെ ബാലപാഠങ്ങളും അതുതരുന്ന തുറവികളും തിരുത്തലുകളും ആവശ്യമായി വരുന്നു.